ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രിയിൽ ഇപ്പോൾ 189 കിടക്കകളും 19 ഡോക്ടർമാരുമുണ്ട്. 224 കിടക്കകളുടെ സൗകര്യമുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായി വരികയാണ്. മെറ്റേണിറ്റി വാർഡ്, ഓപ്പറേഷൻ തിയേറ്റർ, പ്രസവമുറി എന്നിവ അടങ്ങിയതാണ് ഇപ്പോൾ പുതിയതായി നിർമ്മിക്കുന്ന കെട്ടിടം. 4 ഡോക്ടർമാർ അടക്കം 61 കാറ്റഗറികളിലായി 229 പുതിയ തസ്തികകൾ ഇതിനായി സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പഴയ കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേയ്ക്ക് ആശുപത്രി മാറുന്ന മുറയ്ക്ക് ഇവിടെ ഒരു നഴ്സിംഗ് സ്കൂൾ നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് വിശദമായ ചർച്ച നടത്തുന്നതിനും ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

(7) കേന്ദ്ര ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അടിയന്തിര പ്രമേയത്തിന് നോട്ടീസ് കൊടുത്തിരുന്നതാണ്. ഇത് വളരെ ഗൗരവതരമായ ഒരു കാര്യമാണ്. ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ നമ്മുടെ സംസ്ഥാനത്തെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. ഇങ്ങനെയുള്ള ഒരു സംസ്ഥാനം ഇന്ത്യാ രാജ്യത്ത് ഉണ്ടെന്നുപോലും പരിഗണിക്കാതെയാണ് കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ മുഴുവൻ വന്നിട്ടുള്ളത്. അഖിലേന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ ആറ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ അനുവദിച്ചപ്പോൾ കേരളത്തിൽ ഒന്നുപോലുമുണ്ടായില്ല. ഇൻഡ്യയിലെ ആറ് മെഡിക്കൽ കോളേജുകളെ എ. ഐ. ഐ. എം. എസ് പദവിയിലേയ്ക്ക് ഉയർത്തിയപ്പോൾ കേരളത്തിലെ ഒറ്റ മെഡിക്കൽ കോളേജിനെയും ഉൾപ്പെടുത്തിയില്ല. എഫ്.എ.സി.റ്റി.-ക്ക് കഴിഞ്ഞ കൊല്ലം 22 കോടി രൂപ കൊടുത്ത സ്ഥാനത്ത് ഇത്തവണ 10 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലുള്ള തോട്ടം, ബീഡി, കൈത്തറി, കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയ്ക്കു വേണ്ടി ഒരു നയാപൈസ പോലും കേന്ദ്രം തരാൻ തയ്യാറായില്ല. കേരളത്തിന്റെ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ അവതരിപ്പിക്കുന്നതിലുണ്ടായ സംസ്ഥാന ഗവൺമെന്റിന്റെ പരാജയമാണ് ഇത്തരമൊരു സ്ഥിതിയിലേയ്ക്ക് എത്തിച്ചേർന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ അമ്പാസിഡറായി മുഖ്യമന്ത്രി വിശേഷിപ്പിച്ച കേന്ദ്ര മന്ത്രി ശ്രീ. ഒ. രാജഗോപാലൻ ചോദിച്ചത് "കേരളത്തിന് ഇത് കൊടുത്തിട്ടെന്താണ് പ്രയോജനം" എന്നാണ്. കേരളത്തെ രാഷ്ട്രീയ പകപോക്കലിന് വിധേയമാക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തിരിക്കുന്നത്. നമ്മൾ ഒരു മനുഷ്യനെപ്പോലെ ഉയർന്നെഴുന്നേറ്റ് കേരളത്തിന്റെ വികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. ഈ സഭയുടെ വികാരമറിയിക്കണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാണോയെന്ന് വ്യക്തമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷ വേദിയിൽ മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചിരിക്കുന്ന പ്രശ്നം വളരെ ഗൗരവതരമായിട്ടുതന്നെയാണ് ഗവൺമെന്റ് കാണുന്നത്. തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് ഒരുപാട് ആനുകൂല്യങ്ങൾ വാരി വിതറുന്ന ഒരു ബഡ്ജറ്റാണ് ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ചത്. പക്ഷെ ഇത്രയേറെ ആനുകൂല്യങ്ങൾ വാരി വിതറിയപ്പോഴും തെക്കെ അറ്റത്തു കിടക്കുന്ന കേരള സംസ്ഥാനത്തെക്കുറിച്ച് ഓർമ്മിക്കുവാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകാത്തതിൽ ഗവൺമെന്റിന് ശക്തമായ അമർഷമുണ്ട്. ഈ സഭയ്ക്ക് അമർഷമുണ്ടെന്ന് എനിക്കറിയാം, കേരളത്തിലെ ജനങ്ങൾക്കും അതിൽ ശക്തിയായ അമർഷ മുണ്ട്, ഈ അമർഷം ഒറ്റക്കെട്ടായി നമുക്ക് കേന്ദ്രത്തെ അറിയിക്കാം. ഈ ഗവൺമെന്റ് കാര്യങ്ങൾ അറിയിക്കാത്തതുകൊണ്ടാണെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചു. കേന്ദ്രം ബഡ്ജറ്റ് അവതരിപ്പിച്ചതുപോലെ ശ്രീ. കോടിയേരി ബാലകൃഷ്ണനും ചടങ്ങ് പറഞ്ഞുകഴിഞ്ഞുയെന്ന് മാത്രമേയുള്ളു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ സംസ്ഥാനത്തെ ബാധിക്കുന്ന പരമപ്രധാനമായ ഒട്ടനവധി കാര്യങ്ങൾ പ്രധാനമന്ത്രിയുടേയും കേന്ദ്ര മന്ത്രിമാരുടേയും മുൻപിൽ ഞാനും എന്റെ സഹപ്രവർത്തകരും നിരന്തരം അവതരിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ഇൻഡ്യയിലെ ഏറ്റവും വലിയ tourist destination ആയി മാറിയിരിക്കുന്നത് കേരളമാണ്. Tourist destination ആയി മാറിയിരിക്കുന്ന കേരളത്തിന്, tourism വികസിപ്പിക്കാൻ ഉദ്ദേശിക്കുമ്പോൾ മുഖ്യ പരിഗണന കിട്ടേണ്ടത് കേരളത്തിനാണ്. അതാണ് നമ്മുടെ ആവശ്യം. ഇതെല്ലാപേരും അംഗീകരിച്ചതാണ്. കേന്ദ്ര ഗവൺമെന്റ് ആരംഭിക്കാൻ പോകുന്ന convention centre-കളിൽ ഒന്ന് നിർബന്ധമായും കേരളത്തിനായിരിക്കണമെന്ന് കേന്ദ്ര ടൂറിസം വകുപ്പുമന്ത്രിയോട് കേരള ടൂറിസം വകുപ്പുമന്ത്രി ആവശ്യപ്പെട്ടതിനുശേഷം ഞാൻ നേരിട്ട് പ്രധാനമന്ത്രിയെക്കണ്ട് അറിയിക്കുകയും എഴുതിക്കൊടുക്കുകയും ചെയ്തു. നിർബന്ധമായും convention centre കേരളത്തിന് വേണമെന്ന് പറഞ്ഞതാണ്. അതുപോലെ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ ഇൻഡ്യയിലെ ആറ് സംസ്ഥാനങ്ങളിലെ മെഡിക്കൽ കോളേജുകളെ ഉയർത്താൻ ശ്രമിക്കുമ്പോൾ അതിലൊന്ന് നിർബന്ധമായും കേരളത്തിലേതായിരിക്കണമെന്ന് ഞാൻ തന്നെ നേരിട്ട് കേന്ദ്ര മന്ത്രിക്ക് എഴുതിയതാണ്. അതുപോലെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ മുന്നോട്ടു കൊണ്ടുപോകാൻ, നമ്മുടെ ചെറുപ്പക്കാർക്ക് ആവേശമുണ്ടാക്കുന്നതിനുവേണ്ടി, അവർക്കൊരു അവസരമുണ്ടാക്കുന്നതിനുവേണ്ടി കേരളത്തിൽ ഒരു ഐ. ഐ. ടി ഉണ്ടാക്കണമെന്ന് നിർബന്ധമായും കേന്ദ്ര മന്ത്രി മുരളിമനോഹർ ജോഷിയോടും പ്ലാനിംഗ് കമ്മീഷനോടും കഴിഞ്ഞ വർഷം ആവശ്യപ്പെട്ടതാണ്. അതുപോലെ I.I.T. കേരളത്തിലാരംഭിക്കണമെന്ന് ഞാൻ നേരിട്ടെഴുതുകയും ആവശ്യപ്പെട്ടതുമാണ്. അതുപോലെ. National Institute of Organic Farming കേരളത്തിൽ വേണമെന്ന് കേരളാ ഗവൺമെന്റ് ശക്തിയായി ആവശ്യപ്പെട്ടതാണ്. അതുപോലെ ബയോ ടെക്നോളജി പാർക്ക് നിർബന്ധമായും കേരളത്തിൽ വേണമെന്ന് വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പു മന്ത്രി നേരിട്ടെഴുതി; ഞാനും അത് ആവശ്യപ്പെട്ടതാണ്. അതുപോലെ മലബാറിൽ ഒരു ആയുർവേദ പാർക്ക് വേണമെന്ന് ഞാനും ഹെൽത്ത് മിനിസ്റ്ററും കൂടി നേരിട്ടുപോയി കേന്ദ്ര മന്ത്രിയോട് ആവശ്യപ്പെടുകയും ഔദ്യോഗികമായി എഴുതി അറിയിക്കുകയും ചെയ്തതാണ്. അതുപോലെ കോട്ടയ്ക്കൽ ആര്യവൈദ്യശാല ഒരു കേന്ദ്ര യൂണിവേഴ്സിറ്റിയായി മാറ്റണമെന്ന് ഞാൻ നേരിട്ടാവശ്യപ്പെട്ടതാണ്, ഹെൽത്ത് മിനിസ്റ്ററും ആവശ്യപ്പെട്ടതാണ്. അതുപോലെ തോട്ടം മേഖലയിലെ പ്രശ്നപരിഹാരങ്ങൾക്കായി പ്രത്യേകമായ ഫണ്ട് ഏർപ്പെടുത്തണമെന്ന് പ്രധാനമന്ത്രിയോടും കേന്ദ്ര മന്ത്രിയോടും ഞാനും തൊഴിൽ വകുപ്പുമന്ത്രിയും ആവശ്യപ്പെട്ടതാണ്. അതുപോലെ എഫ്.എ.സി.ടി സ്വകാര്യവൽക്കരിക്കരുതെന്നും പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുവേണ്ടി സെയിൽസ് ടാക്സ് കൺസെഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് ചെയ്യാം, കേന്ദ്ര ഗവൺമെന്റും ചില ആശ്വാസ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ പറഞ്ഞതാണ്. അതുപോലെ വല്ലാർ പാടത്തെ container berth അതും കേരളാ ഗവൺമെന്റിന്റെ ഡിമാന്റ് ആയിരുന്നു. അതുപോലെ 'സാഗർമാല' പദ്ധതിയിൽ വിഴിഞ്ഞം, അഴീക്കൽ തുറമുഖങ്ങളെ ഉൾപ്പെടുത്തണമെന്നുള്ളത് നമ്മുടെ ഡിമാന്റായിരുന്നു. അതുപോലെ റെയിൽവേയെ ബാധിക്കുന്ന പൊതുവായ പ്രശ്നങ്ങൾ നിരന്തരമായി കേരളാ ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിരുന്നു. ഇതൊക്കെ നേരിട്ട് ആവശ്യപ്പെട്ടിരുന്നിട്ടും, ഇത്രയേറെ പ്രോജക്ടുകൾ ഇൻഡ്യയിലൊട്ടാകെ കൊടുത്തപ്പോൾ കേരളത്തിന് ഒരു പ്രോജക്ടുപോലും ഉൾപ്പെടുത്താത്തത് കേരളത്തോട് കാട്ടുന്ന അവഗണനയാണ്. ഇതിൽ ശക്തമായ അമർഷമുണ്ട്. നമ്മൾ ആവശ്യമില്ലാതെ വഴക്കിനൊന്നും പോകുകയില്ല. കേന്ദ്രവുമായി സഹകരിച്ച് പോകാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ ഈ കാര്യത്തിൽ കേന്ദ്രം കേരളത്തെ അവഗണിച്ചിരിക്കുകയാണ്. ഇതിൽ കേരളത്തിലെ ജനങ്ങൾക്ക് അമർഷവും പ്രതിഷേധവുമുണ്ട്. അത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തും. ഇക്കാര്യത്തിൽ സർക്കാർ ഒരിക്കലും പുറകോട്ട് പോകുകയില്ല. ഇക്കാര്യത്തിൽ നമുക്ക് രാഷ്ട്രീയമായി ഏറ്റുമുട്ടുകയും വേണ്ട. നിങ്ങളുടെകൂടി സഹകരണത്തോടുകൂടി കേരളത്തിലെ ജനങ്ങളുടെ ശബ്ദം ഒറ്റക്കെട്ടായി കേന്ദ്രത്തെ അറിയിക്കുവാനും തെറ്റ് തിരുത്തണമെന്നും ഇൻഡ്യാ രാജ്യത്ത് വിഹിതം വയ്ക്കുന്ന പ്രോജക്ടുകളിൽ കേരളത്തിന്റെ വിഹിതം കണക്കുപറഞ്ഞ് വാങ്ങുന്നതിന് സംസ്ഥാന സർക്കാർ മുൻപിലായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം സംസ്ഥാന സർക്കാർ മനസ്സിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly